**പതിനാലാം കേരള നിയമസഭ**
**പതിനാൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ: 681 04.03.2020-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീമതി.ഷാനിമോൾ ഉസ്മാൻ**<br>**ശ്രീ.ടി.ജെ. വിനോദ്**<br>**,, അനൂപ് ജേക്കബ് :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് സർക്കാർ ജോലി ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഏതൊക്കെ വകുപ്പുകളിലാണ് ഇത് നടപ്പിലാക്കിയതെന്നും ഇതിലൂടെ എത്ര പേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ; | ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| സി) | പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബത്തിലെ അഭ്യസ്ത വിദ്യരായ ഒരാൾക്കെങ്കിലും തൊഴിൽ നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിക്കാതെ വന്നത് ഏത് സാഹചര്യത്തിലാണ്; | സി) | "പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക' എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതിലൂടെ പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനാണ് പ്രധാനമായും ഊന്നൽ നൽകുന്നത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പട്ടിക വർഗ്ഗ വികസന വകുപ്പ് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണ്. അതു സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>**തൊഴിലും നൈപുണ്യവികസനവും സംരംഭകത്വവും**<br><br>സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.<br><br>**എംപ്ലോയ്മെന്റ് സ്പെഷ്യൽ ഡ്രൈവ്**<br><br>തൊഴിൽ രഹിതരായ പട്ടികവർഗ്ഗ വിഭാഗ |

ക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കുന്നതിന് തൊഴിലും നൈപുണ്യ വികസനവും വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചു.

**പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം**

2019-20 സാമ്പത്തിക വർഷത്തെ ഒരു പുതിയ പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി ചേർന്ന് പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കരിയർ ഗൈഡൻസ് ജോബ് ഫെയർ**

2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ, നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200-ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിയ്ക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

**അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്**

വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിന് അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുകയും ഇവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണ ഫാക്ടറി "അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്" എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**ഗോത്രജീവിക**

2016-17 വർഷം മുതൽ ടി പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക്

| | | | |
|---|---|---|---|
| | | | പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ തൊഴിൽ നൈപുണ്യ പരിശീലനം നൽകി ഇതിനോടകം 53 സംഘങ്ങൾ രൂപീകരിച്ച് ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ 2019-20 വർഷം 1050 പേർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു. |
| ഡി) | സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടി മറ്റ് വകുപ്പുകളിൽ കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം നൽകുമോ? | ഡി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ